# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാഴക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം7/1148/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/08/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം7/1148/21 തീയ്യതി: 24/08/2021

## മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-06-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീഅനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 15-07-2021 |
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ. അബ്ദുള്ള എ.സി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2. ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3. ശ്രീമതി സക്കീന.കെ ഓഡിറ്റർ

4. ശ്രീമതി ഹുസ്ന വി.സി ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ.എം ജമീല | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ജിനചന്ദ്രൻ.പി | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീമതി.ശ്രീകുമാരി.എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 14-07-2019 |
| ശ്രീ സനൽകുമാർ | സെക്രട്ടറി | 15-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീകുമാരി.എൽ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.ഹുമയൂൺ കബീർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഡോ.ജിഷില.കെ.എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 15-11-2019 |
| ഡോ ഹബീനത്ത്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 16-11-2019 | 31-03-2020 |
| ഡോ.പ്രിയ.എ.ആർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ ഒ.കെ കരീം | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ടിൻസി ടോം | കൃഷി ഓഫീസർ | 01-04-2019 | 14-01-2020 |
| ശ്രീമതി. ടിൻസി ടോം | കൃഷി ഓഫീസർ | 29-01-2020 | 31-03-2020 |
| ശ്രീമതി.ബാസിമ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.രഞ്ജുമോൻ.സി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| | | 01-04-2019 | 23-07-2019 |

| | | | |
|---|---|---|---|
| ശ്രീമതി.അനുല,എസ്.മേനോൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | | |
| ശ്രീമതി ഹുസ്ന സി.എച്ച് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 24-07-2019 | 04-08-2019 |
| ശ്രീ മുഹമ്മദലി | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-08-2019 | 31-03-2020 |
| ശ്രീ. പി.സുന്ദരൻ | കൃഷി ഓഫീസർ | 15-01-2020 | 28-01-2020 |
| ഡോ.മുഹമ്മദ് അമീൻ എ കെ | മെഡിക്കൽ ഓഫീസർ(എഫ് എച്ച് സി) | 01-04-2019 | 31-03-2020 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sakeena K (Auditor, On 12-08-2021)<br>Last Updated By: Husna (Auditor, On 13-08-2021) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കൽ നടപടി ക്രമം -രേഖകൾ ഹാജരാക്കിയില്ല<br>Written By: Sakeena K (Auditor, On 31-07-2021)<br>Last Updated By: Simon K (Senior Deputy Director, On 13-08-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക.<br>Written By: Sakeena K (Auditor, On 31-07-2021)<br>Last Updated By: Sakeena K (Auditor, On 12-08-2021) | 1-2 |
| 4 | ധനകാര്യ വിശകലനം<br>Written By: Sakeena K (Auditor, On 31-07-2021)<br>Last Updated By: Simon K (Senior Deputy Director, On 13-08-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Sakeena K (Auditor, On 31-07-2021)<br>Last Updated By: Simon K (Senior Deputy Director, On 13-08-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 05-08-2021)<br>Last Updated By: Simon K (Senior Deputy Director, On 13-08-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Muhammed Fasalurahman (Asst. Audit Officer, On 05-08-2021)<br>Last Updated By: Muhammed Fasalurahman (Asst. Audit Officer, On 05-08-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: A.C.Abdulla (Audit Officer, On 31-07-2021)<br>Last Updated By: A.C.Abdulla (Audit Officer, On 31-07-2021) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Husna (Auditor, On 31-07-2021)<br>Last Updated By: Husna (Auditor, On 12-08-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 31-07-2021)<br>Last Updated By: Simon K (Senior Deputy Director, On 13-08-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sakeena K (Auditor, On 31-07-2021)<br>Last Updated By: Sakeena K (Auditor, On 12-08-2021) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sakeena K (Auditor, On 12-08-2021)<br>Last Updated By: Simon K (Senior Deputy Director, On 13-08-2021) | 1-11 |
| 13 | വാടക കെട്ടിടങ്ങളുമായി ബന്ധപ്പെട്ട ബൈലോ സൂക്ഷിക്കുന്നില്ല.<br>Written By: Husna (Auditor, On 31-07-2021)<br>Last Updated By: Simon K (Senior Deputy Director, On 13-08-2021) | 1-12 |
| 14 | വസ്തു നികുതി നിർണ്ണയം അപാകതകൾ<br>Written By: Sakeena K (Auditor, On 03-08-2021)<br>Last Updated By: Simon K (Senior Deputy Director, On 13-08-2021) | 1-13 |
| 15 | ഡി & ഒ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപാകതകൾ<br>Written By: Husna (Auditor, On 31-07-2021)<br>Last Updated By: Simon K (Senior Deputy Director, On 13-08-2021) | 1-14 |
| 16 | പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക യഥാസമയം അടവാക്കുന്നില്ല-കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Husna (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-15 |
| 17 | കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി.<br>Written By: Husna (Auditor, On 02-08-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-16 |

| | | |
|---|---|---|
| 18 | അനിധികൃത നിർമ്മാണം - ഭരണസമിതിതീരുമാനം നടപ്പാക്കിയില്ല.<br>Written By: Husna (Auditor, On 02-08-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-17 |
| 19 | കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കാതെ ഡി & ഒ ലൈസൻസ് അനുവദിച്ചു - വസ്തു നികുതി കുറവ്<br>Written By: Husna (Auditor, On 31-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-18 |
| 20 | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി നടപ്പിലാക്കിയ പ്രോജക്റ്റ് മരുന്ന് ലഭ്യമായില്ല.<br>Written By: Sakeena K (Auditor, On 02-08-2021)<br>Last Updated By: Sakeena K (Auditor, On 12-08-2021) | 1-19 |
| 21 | ലൈഫ് ഭവന പദ്ധതി ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്<br>Written By: Sakeena K (Auditor, On 03-08-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-20 |
| 22 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 04-08-2021)<br>Last Updated By: A.C.Abdulla (Audit Officer, On 05-08-2021) | 1-21 |
| 23 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 04-08-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-22 |
| 24 | പൊതു മരാമത്ത് പ്രവൃത്തികൾ- അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 04-08-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-23 |
| 25 | പി.ഡബ്ല്യു.ഡി മാന്വൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 04-08-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-24 |
| 26 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 04-08-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-25 |
| 27 | എസ്റ്റിമേറ്റിൽ തെറ്റായി ഇനം അനുവദിച്ചു - ₹ 40488 തിരിച്ചടച്ചു.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 04-08-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 1-26 |
| 28 | ഗ്രാമസഭ യോഗ നടപടികൾ - പഞ്ചായത്ത് രാജ് നിയമത്തിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.<br>Written By: Sakeena K (Auditor, On 02-08-2021)<br>Last Updated By: Sakeena K (Auditor, On 12-08-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sakeena K (Auditor, On 17-07-2021)<br>Last Updated By: A.C.Abdulla (Audit Officer, On 05-08-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 17-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sakeena K (Auditor, On 17-07-2021)<br>Last Updated By: Unni.P (Deputy Director, On 24-08-2021) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sakeena K (Auditor, On 17-07-2021)<br>Last Updated By: Sakeena K (Auditor, On 17-07-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sakeena K (Auditor, On 17-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sakeena K (Auditor, On 17-07-2021)<br>Last Updated By: Sakeena K (Auditor, On 29-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sakeena K (Auditor, On 17-07-2021)<br>Last Updated By: Sakeena K (Auditor, On 29-07-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sakeena K (Auditor, On 17-07-2021)<br>Last Updated By: Sakeena K (Auditor, On 17-07-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.<br>Written By: Sakeena K (Auditor, On 17-07-2021)<br>Last Updated By: Sakeena K (Auditor, On 17-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sakeena K (Auditor, On 17-07-2021)<br>Last Updated By: Sakeena K (Auditor, On 04-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sakeena K (Auditor, On 17-07-2021)<br>Last Updated By: Unni.P (Deputy Director, On 13-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/11.02.2019 | ഇല്ല |

### 1-1-1 ബജറ്റ് തയ്യാറാക്കൽ നടപടി ക്രമം -രേഖകൾ ഹാജരാക്കിയില്ല

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് രൂപീകരിക്കേണ്ടതാണ്.12.2.19 ലെ 1ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച താഴെപറയുന്ന രേഖകൾ ഹാജരാക്കിയില്ല

1.വിവിധ സ്ഥാപനങ്ങളിലെ തലവൻമാർ സമർപ്പിക്കേണ്ട Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസൽ

2.പഞ്ചായത്ത് ഓഫീസിന്റെ പ്രൊപ്പോസൽ Annexure 3&4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയത്

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കില ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത് Annexure 5.1&5.2

4.ബജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതു സംബന്ധിച്ച റിപ്പേർട്ട് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയതായോ കാണുന്നില്ല.

5.ബഡ്ജറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടില്ല.

സെക്ഷൻ 214(3) പ്രകാരം –ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവുമായിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ് .

ബജറ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദേശങ്ങൾ ഉൾപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(17/20-7-21) രേഖകൾ ഭാഗീകമായി ഹാജരാക്കി.

### 1-2 വാർഷിക ധനകാര്യ പത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 22.06.2020 |

### 1-3 ധനകാര്യ വിശകലനം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 19561556 |
| ഓഡിറ്റ് വർഷത്തെ വരവ് | 66188598 |
| ആകെ | 85750154 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 67239264 |
| നീക്കിയിരിപ്പ് | 18510890 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18798412 | 18798412 | 10609150 | 8189262 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 11336765 | 11336765 | 7097132 | 4239633 |
| വികസന ഫണ്ട് (ടി.എസ്.പി) | ० | 288000 | 288000 | 261000 | 27000 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5248000 | 5248000 | 3737777 | 1510223 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 4391000 | 4391000 | 3031692 | 1359308 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 11289783 | 1128973 | 6855930 | 4433857 |
| എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേഷൻ) | 21182 | 1150288 | 1171470 | 1112259 | 59211 |
| എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 26032217 | 26032217 | 26032217 | 0 |
| ഐ.സി.ഡി.എസ് | 260286 | 1759595 | 4362460 | 1400000 | 2962460 |
| ബിഫണ്ട് | 0 | 26752980 | 26752980 | 162000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 312 | 88489470 | 187 | 47648079 | 6 | 119 | 59.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21182 | 1150288 | 1171470 | 1112259 | 59211 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26032217 | 26032217 | 26032217 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 341280 | 258 |
| കർഷകതൊഴിലാളി പെൻഷൻ | 6098400 | 1026 |
| വിധവാപെൻഷൻ | 6427200 | 1090 |
| വാർദ്ധക്യകാലപെൻഷൻ | 10066200 | 1948 |
| വികലാംഗപെൻഷൻ | 3297300 | 565 |
| വിവാഹ ധന സഹായം | 150000 | 5 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 372600 | 64 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-07-2021 ന് 11

AM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1864/ രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.
2. കൃഷി ഓഫീസർ, അസി. സെക്രട്ടറി തുടങ്ങിയവർ പ്രോജക്റ്റ് രജിസ്റ്റർ എഴുതിയിട്ടില്ല.
3. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ കാര്യക്ഷമമായി സൂക്ഷിക്കുന്നില്ല.
4. രസീത് പരിശോധന മേൽനോട്ടം കാര്യക്ഷമമായി നടക്കുന്നില്ല.
5. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
6. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ , വാട്ടർ ടാപ്പ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
7. ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ കൈപറ്റുമ്പോൾ സെക്ഷൻ തിയ്യതി രേഖപ്പെടുത്തുന്നില്ല.
8. തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8-2-2021മുതൽ 10-02-21 വരെ | 3/2020 മുതൽ 8/2020വരെ | 10-2-2021 |
| എ.ജി ഓഡിറ്റ് | 4/11/2016മുതൽ 15 /11/16വരെ | 2011-12 മുതൽ 2015-16വരെ | 2-2-2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കണ്ടെത്തി.

1-സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമാക്കിയ വസ്തു നികുതി സംബന്ധിച്ച പത്രികയിലെ ഡിമാന്റ്, കളക്ഷൻ, തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളിൽ നിന്നും ചുവടെ കാണും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | | AFS പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| ഡിമാന്റ് | തൻവർഷം | 5246396 | 5291839 | 45443 |
| | കുടിശ്ശിക | 0 | 13979 | 13979 |
| കളക്ഷൻ | തൻവർഷം | 4777353 | 4818002 | 40469 |
| | കുടിശ്ശിക | 265 | 9098 | 8833 |
| ബാലൻസ് | തൻവർഷം | 345203 | 387879 | 42676 |
| | കുടിശ്ശിക | 0 | 13714 | 13714 |

2- ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി.4 -ൽ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച കിയ തുകയിൽ 475001 രൂപയാണ് ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രസ്തുത ഇനത്തിൽ RP -40(B) പ്രകാരം 472476 രൂപ യാണ്നീക്കിയിരിപ്പുള്ളത്.

3- ഡെപ്പാസിറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ B-7 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരിത ഓഡിറ്റിന് പരിശോധിയ്ക്കാനായിട്ടില്ല.

4- ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി.12 -പ്രകാരം 1271362 രൂപ സ്ഥിര നിക്ഷേപം ഉണ്ട്.എന്നാൽ കാലികമാക്കിയ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

5-ബാലൻസ് ഷീറ്റിലെ ബി-15 പ്രകാരം ലൈബ്രറി സെസ്സിനത്തിൽ ബുക്ക് ചെയ്ത തുക ക്രമപ്രകാരമല്ല (വസ്തു നികുതിയുടെ 5%).

6-ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിലെ I-14(A) പ്രകാരം 25483200/- രൂപയാണ് എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ ആകെ ചെലവായി കാണിച്ചിരിക്കുന്നത്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം എം.ജി. എൻ. ആർ. ഇ.ജി.എസിന്റെ യഥാർത്ഥ ചെലവ് 27144476/-രൂപയാണ്.

7- ഡെപ്പോസിറ്റ്/അഡ്വാൻസ് ആയി തുക നൽകിയിട്ടുണ്ടെങ്കിലും ആയത് വസ്തുതാപരമായി പരിശോധിച്ച് ഉറപ്പ് വരുത്താവുന്ന രേഖകൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

8-ഓഡിറ്റ് റിക്കവറി ഇനത്തിൽ 27225 രൂപ വരവ് ഉണ്ടെങ്കിലും കാലികമായ ഓഡിറ്റ് റിക്കവറി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

9-ആസ്തികളുടെ മൂല്യനിർണ്ണയം നടത്തിയ ഫയൽ ലഭ്യമാക്കിയിട്ടില്ല.

10- ട്രാൻസാക്ഷൻ നടക്കുന്ന ബാങ്ക് അക്കൌണ്ടിന്റെ ബാങ്ക്ബുക്ക് അതാത് ദിവസം പ്രിന്റെടുത്ത് സെക്രട്ടറി ,അക്കൌണ്ടന്റ് എന്നിവർ ഒപ്പിട്ട് ആധികാരികമായി സൂക്ഷിക്കുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 23/20-7-21 ന് സെക്രട്ടറി അപാകതകൾ തുടർ വർഷങ്ങളിൽ പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-12 വാടക കെട്ടിടങ്ങളുമായി ബന്ധപ്പെട്ട ബൈലോ സൂക്ഷിക്കുന്നില്ല.

കേരളാ പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ 7 പ്രകാരം പഞ്ചായത്തിന് വ്യാപാരത്തിനായുള്ളതോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും അവ ആവശ്യമുള്ള പൊതു ജനങ്ങൾക്ക് ആക്റ്റിലേയോ അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും ഈ ആവശ്യങ്ങളിലേക്കായി പഞ്ചായത്ത് ഉണ്ടാക്കിയ ബൈലോയിലേയും വ്യവസ്ഥകൾക്കനുസരണമായി ലൈസൻസിന്മേൽ വാടകക്കോ പാട്ടത്തിനോ കൊടുക്കാവുന്നതും അവയുടെ ഉപയോഗത്തിനും കൈവശത്തിനും പഞ്ചായത്തിന് നിശ്ചയിക്കാവുന്ന ഫീസ് ചുമത്താവുന്നതാണെന്നും പറയുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ നാളിതുവരെയായിട്ട് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി സൂക്ഷിക്കുന്നില്ല.
ബൈലോ ഹാജരാക്കാൻ വേണ്ടി ആവശ്യപ്പെട്ടുകൊണ്ട് കൊടുത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 33/27-07-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 വസ്തു നികുതി നിർണ്ണയം അപാകതകൾ

1. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തെ പല ഭാഗങ്ങളാക്കി കണക്കാക്കി കുറഞ്ഞ നികുതി ഈടാക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 2019-20 വ്യാപാര ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ചുവടെ ചേർത്ത സ്ഥാപനം ഉൾക്കൊള്ളുന്ന കെട്ടിടങ്ങളുടെ ആകെ തറവിസ്തീർണ്ണം 100 ചതുരശ്ര മീറ്ററിൽ അധികരിക്കുന്നുണ്ടെങ്കിലും 100 ച. മീറ്ററിൽ കുറവുള്ള കെട്ടിടമായി കണക്കാക്കി ച. മീറ്ററിന് 30/- രൂപ നിരക്കിലുള്ള നികുതിയാണ് ഈടാക്കിയിട്ടുള്ളത്. ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടത്തിന്റെ/മുറികളുടെ തറവിസ്തീർണ്ണം ഒന്നായി പരിഗണിച്ച് ഉയർന്ന നിരക്കിൽ (100 ച. മീറ്ററിൽ കൂടുതലുള്ള കെട്ടിടത്തിന് ച. മീറ്ററിന് 50/- രൂപ) നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. കെട്ടിടങ്ങളെ പല ഭാഗങ്ങളാക്കി നമ്പർ നൽകാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനം | കെട്ടിട നമ്പറുകൾ | ആകെ തറവിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഈടാക്കിയ നികുതി നിരക്ക് (ചതുരശ്ര മീറ്ററിന്) |
|---|---|---|---|---|
| 335/19-20 | JILU MEDICAL INSTITUTE EDAVANNAPPARA | 11/201A,F,U,H | 180 | 30 |

2 ഒരേ കാലയളവിൽ റെഗുലറൈസ് ചെയ്ത് നമ്പർ നൽകിയ ഒരേ വിഭാഗത്തിൽപെട്ട കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ (കുറഞ്ഞ നിരക്ക് 30രൂപ,കൂടിയ നിരക്ക് 50രൂപ) വസ്തുനികുതി ഈടാക്കുന്നു.

ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പറുകൾ | ആകെ തറവിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) ഉപയോഗം | ഈടാക്കിയ നികുതി നിരക്ക് (ചതുരശ്ര മീറ്ററിന്) |
|---|---|---|---|
| ശ്രീ നിസാർ S/O | 11/1989 A | 299.74 | 30 |

| | | | |
|---|---|---|---|
| അബു | മുതൽ D വരെ | വാണിജ്യം | |
| ശ്രീ.K.O ആലി S/Oമുഹമ്മദ് | 11/936M മുതൽ Yവരെ | 327.13 വാണിജ്യം | 30 |
| ശ്രീ.മുഹമ്മദ്, മുല്ലശ്ശേരി | 2/350A മുതൽ J വരെ | 224 വാണിജ്യം | 30 |
| ശ്രീ ശിഹാബുദ്ധീൻ പുൽപറമ്പിൽ | 11/1202A മുതൽ Fവരെ | 133.55 വാണിജ്യം | 50 |
| ശ്രീ.അബ്ദുൽ ജബ്ബാർ കെ.എം | 1/2051A മുതൽ O വരെ | 394.89 വാണിജ്യം | 30 |

മുകളിൽ കൊടുത്ത കെട്ടിടങ്ങളെ 100ച.മീ ക്ക് താഴെയുള്ള വ്യത്യസ്ത ഷോപ്പ് റൂം ആയി പരിഗണിച്ചാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 100ച.മീ. താഴെ തറ വിസ്തീർണ്ണമുള്ള ഒരേയിനം കെട്ടിടങ്ങൾക്ക് വ്യത്യസ്ത ഉടമസ്ഥർക്ക് വ്യത്യസ്ത നിരക്കിൽ നികുതി ഈടാക്കുന്നത് ക്രമപ്രകാരമല്ല. ഒരേ ഇനത്തിലുള്ള ഒരേ തരം കെട്ടിടങ്ങൾക്ക് ഏകീകൃത നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. ഈ വിഷയം ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 34/25-07-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 ഡി & ഒ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപാകതകൾ

പഞ്ചായത്തിലെ ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും അനുബന്ധ അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. 31-10-2017 ലെ GO (P) No 80/2017/LSGD പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം സ്ഥാപനങ്ങളെ അവയുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നതിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടായിരിക്കണം ലൈസൻസ് ഫീസ് ഈടാക്കേണ്ടത് എന്നു വ്യക്തമാക്കുന്നു. എന്നാൽ പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയത് വിറ്റുവരവിന്റെ അടിസ്ഥാനത്തിലായിട്ടാണ് കാണുന്നത്.

2. വിറ്റുവരവ് /മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച ലൈസൻസ് അപേക്ഷകളിൽ പല അപേക്ഷകളിലും വിറ്റുവരവ് /മൂലധന നിക്ഷേപം എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തന്നെ എന്ത് അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചതെന്ന് വ്യക്തമല്ല.

3. ലൈസൻസ് അപേക്ഷകളിൽ അന്വേഷണക്കുറിപ്പുകൾ രേഖപ്പെടുത്താനുള്ള ഭാഗത്ത് മിക്ക അപേക്ഷകളിലും അന്വേഷണക്കുറിപ്പുകളോ മറ്റു പ്രധാനപ്പെട്ട വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം പ്രധാനപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്താതെയാണ് അപേക്ഷകൾക്ക് ലൈസൻസ് അനുവദിച്ചു നൽകിയത്.

4. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കുന്നില്ല. (സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്തിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്).

മേൽ അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ട് കൊടുത്ത ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം 25/20-07-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക യഥാസമയം അടവാക്കുന്നില്ല-കുടിശ്ശിക നിലനിൽക്കുന്നു

2019-20 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ യഥാസമയം വാടക അടവാക്കാത്തതിനാൽ പല കെട്ടിടങ്ങൾക്കും കുടിശ്ശിക നിലനിൽക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വാടകക്ക് നൽകിയ വ്യക്തി | 31-03-2020ൽ ലഭിക്കാനുള്ള ആകെ കുടിശ്ശിക |
|---|---|---|
| 15 | കെ കെ മുഹമ്മദ് | 65664 |
| | | |

| | | |
|---|---|---|
| 25 | റഷീദലി കാരിയോട് | 193000 |
| 4A | റഹ്മത്തുള്ള | 31802 |
| 7 A | നിഹ്മത്തുള്ള | 29262 |
| 13 A | ടി ടി അബ്ദുൽ ഗഫൂർ | 38291 |
| 14A | മൂസകുട്ടി പുത്തൻവീട്ടിൽ | 11796 |
| ആകെ | | 369815 |

ലഭ്യമാകാനുള്ള വാടക കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം 9/14-07-21).

## 1-16 കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി.

പഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമിച്ച കെട്ടിടത്തിന് നമ്പർ നൽകിയതായി പരിശോധനയിൽ വ്യക്തമായി.

കെട്ടിട ഉടമസ്ഥൻ - ശ്രീ അബ്ദുൽ ജബ്ബാർ

സർവേ നമ്പർ - 357/14 ( ബ്ലോക്ക് നം 19

വിസ്തൃതി - 0.0230 ഹെക്ടർ

പെർമിറ്റ് നം - 138/16-17 തി. 27.01.2017

കെട്ടിടത്തിന്റെ തരം - വാണിജ്യ കെട്ടിടം

പൂർത്തീകരിച്ച് നമ്പറിന് അപേക്ഷ നൽകിയ തിയ്യതി - 27.12.2018

പൂർത്തീകരണ അപേക്ഷ പ്രകാരം വിസ്തൃതി - 394.89 (PLINTH AREA)

കാർപ്പറ്റ് വിസ്തീർണ്ണം - 315.91

നൽകിയ നമ്പർ - 11/2051 A To O (2019 -20 I Half മുതൽ )

കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിന് 5 കാർ പാർക്കിംഗ് ആവശ്യമുണ്ട് എന്ന് കാണിക്കുകയും അത് കെട്ടിടത്തിന്റെ സെല്ലാർ നിലയിൽ കാണിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പാർക്കിംഗ് കാണിച്ചിരിക്കുന്ന നിലയിൽ വാഹനത്തിന് ഡ്രൈവ് വേ, വാഹനം തിരിക്കുന്നതിനുള്ള സ്ഥലം എന്നിവ പ്ലാൻ പ്രകാരം ലഭ്യമല്ല.

സെല്ലാർ നിലയിലേക്കുള്ള പ്രവേശന വഴിയിൽ വാഹനം പാർക്ക് ചെയ്യുന്നതായി കാണിച്ചിരിക്കുന്നു. ഡ്രൈവ് വേ നൽകുകയാണെങ്കിൽ കെട്ടിടത്തിന് ആവശ്യമായ കാർ പാർക്കിംഗ് സ്ഥലം ഈ കെട്ടിടത്തിന് ഇല്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 38 (3) പ്രകാരം തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യത്തോടെയായിരിക്കണം ഓരോ പാർക്കിംഗ് സ്ഥലവും വ്യവസ്ഥ ചെയ്യേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഡ്രൈവിംഗിനുള്ള സ്ഥലവും വാഹനങ്ങൾ തിരിക്കാനുള്ള സ്ഥലവും ഒരുക്കേണ്ടതാണ് എന്നും ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഈ കെട്ടിടം പരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനിയർ കെട്ടിടം ബിൽഡിംഗ് റൂൾ പാലിച്ചാണ് നിർമ്മിച്ചത് എന്ന് റിപ്പോർട്ട് ചെയ്തു കാണുന്നു.

ചട്ടത്തിലെ മേൽ നിർദ്ദേശം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് തെറ്റായ റിപ്പോർട്ട് നൽകി നമ്പർ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് (നം 10/14-07-21) ന് ഫയൽ അസിസ്റ്റന്റ് എഞ്ചിനിയർക്ക് കൈമാറിയിട്ടുണ്ട് എന്ന മറുപടി ആണ് നൽകിയത്.

## 1-17 അനിധികൃത നിർമ്മാണം - ഭരണസമിതിതീരുമാനം നടപ്പാക്കിയില്ല.

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 09.07.2019 ലെ തീരുമാനം 10 പ്രകാരം വാഴക്കാട് ഗ്രാമപഞ്ചായത്തിലെ അനധികൃത നിർമ്മാണത്തിൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് യോഗം വിലയിരുത്തി നിയമപരമായി തീരുമാനമെടുക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ( ഫയൽ നമ്പർ 8)

എന്നാൽ ഈ തീരുമാനത്തിൽ പഞ്ചായത്ത് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് കൊടുത്ത ഓഡിറ്റ് അന്വേഷണ കുറിപ്പിന്( നം 32/23-07-21) മറുപടി ലഭ്യമാക്കിയില്ല.

## 1-18 കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കാതെ ഡി & ഒ ലൈസൻസ് അനുവദിച്ചു - വസ്തു നികുതി കുറവ്

2019-20 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നമ്പർ സഞ്ചയ സോഫ്റ്റ് വെയറുമായി ഒത്തുനോക്കിയപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യങ്ങൾക്കുള്ളതായി കാണുന്നു. പാർപ്പിടാവശ്യങ്ങൾക്ക് വേണ്ടി നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങൾ തരം മാറ്റാതെ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ലൈസൻസ് അനുവദിക്കുമ്പോൾ മതിയായ ശ്രദ്ധ ചെലുത്താത്തതിനാലും പരിശോധന നടത്താത്തതിനാലുമാണ് ഇത്തരത്തിലുള്ള അപാകതകൾക്ക് കാരണമെന്ന് കാണുന്നു. ഇത് കാരണം ചട്ടങ്ങൾ പാലിക്കാതിരിക്കുന്നതോടൊപ്പം വസ്തുനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയിലും കുറവ് സംഭവിക്കുന്നുണ്ട്. വിശദവിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ഇത്തരത്തിൽ പാർപ്പിടാവശ്യങ്ങൾക്ക് നമ്പർ നൽകിയ കെട്ടിടങ്ങളിൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിനു ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ഡി & ഒ ലൈസൻസ് നമ്പർ | അപേക്ഷ പ്രകാരമുള്ള കെട്ടിട നംമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം | സഞ്ചയപ്രകാരമുള്ള കെട്ടിടത്തിന്റെ ഉടമ, തരം |
|---|---|---|---|
| 57/19-20 | 3/160 | 20 HP Electric Motor ഉപയോഗിച്ചുള്ള ഓയിൽമിൽ നടത്തുന്നതിന് | കുഞ്ഞിമുഹമ്മദ്<br>പാർപ്പിടം |
| 341/19-20 | 1/133 | സൂപ്പർമാർക്കറ്റ് | ബഷീർ<br>പാർപ്പിടം |
| 343/19-20 | 13/509 | സ്പെയർ പാർട്സ്<br>ഓട്ടോ സ്പെയർ വിൽപന | കുഞ്ഞിമുഹമ്മദ്<br>പാർപ്പിടം |
| 371/19-20 | 7/319 | പലചരക്ക്, സ്റ്റേഷനറി | മുഹമ്മദ് കോയ കളത്തുംതൊടി<br>പാർപ്പിടം |

അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം 27/20-07-21) മറുപടി ലഭ്യമാക്കിയിട്ടില്ല,

## 1-19 മെഡിക്കൽ ഓഫീസർ എഫ് എച്ച് സി നടപ്പിലാക്കിയ പ്രോജക്റ്റ് മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 2019-20 സാമ്പത്തിക വർഷത്തെ ചുവടെ ചേർത്ത പദ്ധതികൾക്ക് 260696+50000രൂപ/ KMSCLന് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | ബിൽ നമ്പർ | ഇൻവോയ്സ് നം/ തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 77/20പരിരക്ഷ | 11/2019-20 | PRF5193<br>12-3-20 | 200000 |
| | 3/19-20 | LF 728<br>19-06-2021 | 60696 |
| 75/20 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ | | PRF5194<br>12-3-20 | 50000 |
| ലഭ്യമാകാനുള്ളത് | | | 310696 |

മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണ കുറിപ്പിന്( നം 37/28-07-21) തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

## 1-20 ലൈഫ് ഭവന പദ്ധതി ഭവനനിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

ഗുണഭോക്താവ് ഒന്നാം കക്ഷിയായും ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ച് നിർവഹണ ഉദ്യോഗസ്ഥൻ (വി.ഇ.ഒ) രണ്ടാം കക്ഷിയായും എഴുതി ഒപ്പിട്ട കരാർ പ്രകാരം കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്നും നിർമ്മാണം പൂർത്തിയാക്കിയ ഭവനം യാതൊരു കാരണവശാലും കുറഞ്ഞത് 12 വർഷകാലത്തേക്ക് അനന്തരാവകാശികൾക്കല്ലാതെ കൈമാറാവുന്നതല്ലെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ കരാർ പ്രകാരമുള്ള കാലയളവിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വെച്ച് ഭവനനിർമ്മാണം തുടങ്ങിയ തിയതി | ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ട തിയതി | ആകെ കൈപ്പറ്റിയ തുക | അവസാന ഗഡു കൈപ്പറ്റിയതിന്റെ വിവരം |
|---|---|---|---|---|---|
| 1 | നസീമ W/O സക്കീർ ജനറൽ | 3-3-20 | 2-9-2020 | 2,00,000 | 14-01-21 |
| 2 | നീനു പ്രകാശ് W/O സുനിൽ കുമാർ(എസ്.സി) | 27-01-20 | 26-7-20 | 3,00,000 | 20-2-21 |
| 3 | സാവിത്രിw/O വേലായുധൻ (എസ്.സി) | 28-01-20 | 27-7-20 | 2,00,000 | 14-01-21 |

ബന്ധപ്പെട്ട ഫയലുകൾ/ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഭവനനിർമ്മാണം ഓഡിറ്റ് തിയതി വരേയും പൂർത്തീകരിച്ചതായി കാണുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം 31/23-07-21) ഭവന നിർമ്മാണം അവസാനഘട്ടത്തിലാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല

2019-20 വർഷത്തിൽ പഞ്ചായത്തിൽ 75 പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾക്കായി ആകെ 162 കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. ഈ ടെണ്ടറുകളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ ₹105430 നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് ഉള്ളത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട തുക നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 പൊതു മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I പദ്ധതി രൂപീകരണം - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കുന്നില്ല.

പദ്ധതി രൂപീകരണ പ്രക്രിയയുടെ പ്രധാന ഭാഗമായ വർക്കിംഗ് ഗ്രൂപ്പ് ശരിയായി പ്രവർത്തിച്ചതായി കാണുന്നില്ല. മുൻ വർഷം നടപ്പാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിലയിരുത്തലോ, പുതുതായി നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച ചർച്ചകളോ നടന്നതായി കാണുന്നില്ല. വികസന സെമിനാറിന് മുമ്പായി രണ്ട് യോഗങ്ങൾ ചേർന്നതായി കാണുന്നു. എന്നാൽ യോഗ മിനുട്സ് വ്യക്തമായി എഴുതാതെ ഏതാനും പ്രവൃത്തികളുടെ പേര് എഴുതി വയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

II) പ്രൊജക്ടുകളുടെ എണ്ണക്കൂടുതൽ

ഒരു അസിസ്റ്റന്റ് എഞ്ചിനിയറും , രണ്ട് ഓവർസിയർമാരും മാത്രമുള്ള പഞ്ചായത്ത് എഞ്ചിനിയറിംഗ് വിഭാഗത്തിന് നടപ്പാക്കാൻ സാധിക്കുന്നതിലും വളരെക്കൂടുതൽ പ്രവൃത്തികളാണ് തൻവർഷം പഞ്ചായത്ത് അംഗീകരിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പൊതു മരാമത്ത് പണികളുടെ നടത്തിപ്പിന് പുറമെ പഞ്ചായത്തിലെ കെട്ടിടനിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട പരിശോധനകളും എഞ്ചിനിയറിംഗ് വിഭാഗം നടത്തേണ്ടി വരുന്നതിനാൽ സമയ ബന്ധിതമായി പദ്ധതി നടപ്പാക്കുന്നതിനും ശരിയായ രീതിയിൽ മോണിറ്റർ ചെയ്യുന്നതിനും , നിശ്ചിത സമയത്തിനകം സേവനം നൽകുന്നതിനും എഞ്ചിനിയറിംഗ് വിഭാഗത്തിന് സാധിക്കാതെ വരുന്നുണ്ട്.

പ്രൊജക്ടുകളുടെ എണ്ണം കുറച്ചും അപ്രന്റീസ് എഞ്ചിനിയർമാരുടെ സേവനം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചും മേൽ പരാമർശിച്ച പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

II) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 200 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 118 പ്രൊജക്ടുകളിലായി ആകെ 17172010 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 200 | ആകെ അടങ്കൽ | 39001588 |
| നടപ്പിലാക്കിയത് | 118 | ചെലവ് | 17172010 |
| ശതമാനം | 59 | ചെലവ് ശതമാനം | 44 |

III) ഫയൽ സൂക്ഷിക്കുന്നതിൽ അപാകതകൾ

മിക്ക പ്രവൃത്തികളുടെയും അംഗീകൃത പ്രൊജക്ട്, പ്ലാൻ , സൈറ്റ് പ്ലാൻ, സ്കെച്ച് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രവൃത്തി നടത്തുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരം ഒരു ഫയലിലും ഇല്ല. പ്രവൃത്തികൾ നടത്തുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽത്തന്നെയാണോ എന്നും ആണെങ്കിൽ ആസ്തിരജിസ്റ്ററിലെ അതിന്റെ ക്രമനമ്പറും പ്രൊജക്ടിൽ സൂക്ഷിക്കുകയോ ഫയലിൽ പരാമർശിക്കുകയോ ചെയ്യുന്നില്ല.

IV) റോഡ് പ്രവൃത്തികളുടെ ചെയ്നേജ് വ്യക്തമായി രേഖപ്പെടുത്തുന്നില്ല.

തൻ വർഷം ധാരാളം പ്രവൃത്തികൾ വിവിധ റോഡുകളിൽ നടത്തിയിട്ടുണ്ട്. എന്നാൽ മിക്ക പ്രവൃത്തികളിലും പ്രവൃത്തി നടത്തുന്ന ചെയ്നേജ് എസ്റ്റിമേറ്റിലും, എം ബുക്കിലും രേഖപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 പി.ഡബ്ല്യു.ഡി മാന്വൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കാലാവധി ദീർഘീകരണം നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

<u>കാലാവധി ദീർഘീകരണം (Extension Of Time) & പിഴ</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരൻെറ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ചമക്കുന്ന കരാറിൽ ഉൾപ്പെടുത്തുന്നില്ല.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവും പ്രവൃത്തി വൈകിയാൽ ഈടാക്കുന്ന പിഴയുടെ നിരക്കും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-25 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചയാത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം ടെണ്ടർ ചെയ്ത പ്രവൃത്തികളിലൊന്നും തന്നെ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. ഏതാനും പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥന്റെ ചുരുക്കൊപ്പ് ഇല്ലാത്ത

തിരുത്തലുകൾ ടെണ്ടറിൽ കണ്ടെത്തി

ടെണ്ടർ നടപടികളിലെ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 എസ്റ്റിമേറ്റിൽ തെറ്റായി ഇനം അനുവദിച്ചു - ₹ 40488 തിരിച്ചടച്ചു.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ പൊതു കിണറുകൾക്ക് നെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് ഈ പ്രവൃത്തിക്ക് നൽകാവുന്ന DSR ഇനം 10.25.2 പ്രകാരമുള്ള നിരക്കിന് പകരമായി ഉയർന്ന തുക വരുന്ന GI പൈപ്പ് ഉപയോഗിച്ചുള്ള ട്രസ്സ് പ്രവൃത്തിയുടെ നിരക്ക് നൽകിയത് (50.10.1) മൂലം അധികച്ചെലവായ ₹ 40488 ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് തിരിച്ചടച്ചു.

| പ്രവൃത്തി | തിരിച്ചടച്ച തുക | കുറിപ്പ് |
|---|---|---|
| കോലോത്തുംകടവ് പൊതുകിണർ ഇരുമ്പ് നെറ്റ് സ്ഥാപിച്ച് ശുചിത്വ കിണറാക്കി മാറ്റൽ (204/20) | 2785 | രസീത് നം 121060101520/26.07.2021 |
| പയ്യനാട്ട്തൊടി പൊതുകിണർ ഇരുമ്പ് നെറ്റ് സ്ഥാപിച്ച് ശുചിത്വ കിണറാക്കി മാറ്റൽ (203/20) | 2712 | രസീത് നം 121060101522/26.07.2021 |
| പാലക്കുഴി SC കോളനി പൊതുകിണർ ഇരുമ്പ് നെറ്റ് സ്ഥാപിച്ച് ശുചിത്വ കിണറാക്കി മാറ്റൽ (206/20) | 2650 | രസീത് നം 121060101521/26.07.2021 |
| തെക്കേതൊടി പൊതുകിണർ ഇരുമ്പ് നെറ്റ് സ്ഥാപിച്ച് ശുചിത്വ കിണറാക്കി മാറ്റൽ (205/20) | 1488 | രസീത് നം 121060101523/26.07.2021 |
| വാഴക്കാട് പഞ്ചായത്തിലെ വിവിധ പൊതുകിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ (191/20)-12 എണ്ണം. | 30853 | രസീത് നം 121060101524/26.07.2021 |

ഈ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച് അതാത് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്

## 1-27 ഗ്രാമസഭ യോഗ നടപടികൾ - പഞ്ചായത്ത് രാജ് നിയമത്തിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭാ യോഗ മിനുട്സുകൾ പരിശോധിച്ചതിൽ കേരള പഞ്ചായത്ത് രാജ് നിയമം, 1995 ലെ കേരള പഞ്ചായത്ത് രാജ് (ഗ്രാമസഭയുടെ യോഗം വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടി) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പല ഗ്രാമസഭ യോഗങ്ങളും നടത്തിയിരിക്കുന്നത് എന്ന് വ്യക്തമായി.

1)ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ,ജില്ലാപഞ്ചായത്ത് അംഗത്തേയും നിമസഭാംഗത്തെയും നിർബന്ധമായും ഗ്രാമസഭയുടെ കൺവീനർ ക്ഷണിക്കേണ്ടതാണ് എന്ന് നിയമത്തിൽ വ്യക്തമായി നിർദേശിക്കുന്നുണ്ട്. [ (സെക്ഷൻ 3(3)]. എന്നാൽ മേൽ നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ലഭ്യമല്ല.
2)ആ നിയോജക മണ്ഡലത്തെ സംബന്ധിച്ച മുൻ വർഷത്തെ വികസന പരിപാടികളെയും, നടപ്പു വർഷം ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളെയും അതിനു വേണ്ടി വരുന്ന ചെലവും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻ വർഷത്തെ വാർഷിക കണക്കുകളുടെ സ്റ്റേറ്റ്മെന്റ് , ഭരണ നിർവഹണത്തിന്റെ ഒരു റിപ്പോർട്ട് എന്നിവ ഒരു വർഷത്തിലെ ആദ്യ യോഗത്തിൽ ഗ്രാമസഭ മുമ്പാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്. എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും [(സെക്ഷൻ 3(6)] ഇത്തരത്തിൽ ഒരു റിപ്പോർട്ടും ഗ്രാമസഭ മുമ്പാകെ അവതരിപ്പിച്ചതായി കാണുന്നില്ല.

3) ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും സെക്ഷൻ 3എ യിൽ പരാമർശിക്കുന്നുണ്ട്.

പ്രദേശത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദേശിക്കുകയും ചെയ്യുക. ടാപ്പുകൾ, കിണറുകൾ തെരുവ് വിളക്കുകൾ, തുടങ്ങിയവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക. സർക്കാരിൽ നിന്ന് ലഭിക്കുന്ന പെൻഷൻ, സബ്സിഡി പോലുള്ള ക്ഷേമ സഹായങ്ങൾ കൈപ്പറ്റുന്നവരുടെ അർഹത പരിശോധിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നതാണ്. ഇക്കാര്യങ്ങളൊന്നും ഗ്രാമസഭകളിൽ ചർച്ചചെയ്തതായി കാണുന്നില്ല.

4) മിക്ക ഗ്രാമസഭായോഗങ്ങളിലും യോഗ നടപടിക്രമങ്ങൾ ശരിയായി രേഖപ്പെടുത്തപ്പെടുന്നില്ല.
അപാകതകൾ പരിഹരിച്ച് നിയമപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് ഗ്രാമസഭാ യോഗങ്ങൾ നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 12-07-21 മുതൽ 19-07-21 വരെ | കെ.എസ്.എ.എം.പി.എം.7/1148/21 |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 37820 | പ്രൊജക്റ്റ് നമ്പർ: 237/20<br>ലൈഫ് ഭവന പദ്ധതി-ജനറൽ | 37820 | 0 |
| | | 483600 | പ്രൊജക്റ്റ് നമ്പർ: 238/20<br>ലൈഫ് ഭവന പദ്ധതി-എസ്.സി | 483600 | 0 |
| | | 497500 | പ്രൊജക്റ്റ് നമ്പർ: 82/20<br>ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | 497500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 275000 | പ്രൊജക്റ്റ് നമ്പർ:82/20<br>വികലാംഗ വിദ്യാർത്ഥി സ്കോളർഷിപ്പ്-ജനറൽ | 349000 | 0 |
| | | 106400 | പ്രൊജക്റ്റ് നമ്പർ:134/20<br>ലൈഫ് ഭവന പദ്ധതി-ജനറൽ | 106400 | 0 |
| | | 192000 | പ്രൊജക്റ്റ് നമ്പർ:145/20<br>ബഡ്സ് സ്കൂൾ ടീച്ചർ,ആയ ഹോണറേറിയം | 192000 | 0 |
| | | 200000 | പ്രൊജക്റ്റ് നമ്പർ:77/20<br>പരിരക്ഷ | 200000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അച്ചത്ത് കോലോത്തും കടവ് ഭാഗത്തേക്ക്കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ-അധിക തുക നൽകൽ | 1915105200290097945 8 തീയതി 20-01-2020 | 17000 | 0 | പ്രവർത്തി പുരോഗമിക്കുന്നു | 17000 |
| കേരള വാട്ടർ അതോറിറ്റി | ചീക്കോട് കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 191510520029010162 48 20-1-2020 | 1114000 | 0 | പ്രവർത്തി പുരോഗമിക്കുന്നു | 1114000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ | GO(MS)NO2278/2018/LSGDdtd 18-8-2018 GO(MS)NO68/2018/LSGDdtd 18-5-2018 | 1880000 | 4554535 | 1758823 | 0 | 4675712 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1167924 |
| തൻവർഷം നിക്ഷേപിച്ച തുക | 103438 |
| ആകെ | 1271362 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1271362 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കേരള ഗ്രാമീണ ബാങ്ക്, വാഴക്കാട് | 1271362 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2019-20 വർഷത്തിൽ ലഭിച്ച 27225രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത്/ട്രഷറി ചലാൻ നമ്പർ |
|---|---|---|---|---|

| | | | | തിയ്യതി |
|---|---|---|---|---|
| 2017-18 | 2-5(5) | 7500 | മുഹമ്മദ് അഷ്റഫ് കൺവീനർ | 119060101485/ 22-06-2019 |
| 2015-16 | 3-1 | 19725 | മുഹമ്മദ് കൺവീനർ | 119060109443/ 31/01/2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 36,41 | 2003-04 | പൊതുപരാമർശങ്ങൾ | ചോലക്കുഴി റോഡ് കീപ്രാട്ടുതാഴം വി.സി.ബി | നടപടി തുടർന്നു വരുന്നു |
| 2006-07 | 3(3) | 2010-11 | | | നടപടി തുടർന്നു വരുന്നു |
| 2007-08 മുതൽ 2009-10 വരെ | 3(2) | 2012-13 | | | നടപടി തുടർന്നു വരുന്നു |
| 2011-12, 2012-13 | 4(1) | 2014-15 | | നിഷ്ക്രിയ ആസ്തി അവലോകനം | നടപടി തുടർന്നു വരുന്നു |
| 2014-15,<br>2015-16 | 2(5), 2(1), 2(2)<br>2(1) | 2016-17<br>" | അനുബന്ധം | | " |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1999-00 | 29(1), (2), 30 | ശ്രീ.പി.ഡി.നാരായണൻ, സെക്രട്ടറി | LF11508/Spl.Cell/SC5/04 Dt. 07.01.2016 | 3460 | തുക അടവാക്കി യിട്ടില്ല |
| 2 | 2011-12 2012-13 | 3(1) എ | ശ്രീ.എ.എം.ഷിബ്യസ്കോ, വി.ഇ.ഒ | LF11156/Spl.Cell/CSC/D1/15 Dt. 16.11.2017 | 8398455 | ഒ.എ 545/18KAT, EKM കേസിൽ ഉൾപ്പെട്ടു. തുക ഇൗടാക്കിയിട്ടില്ല |
| 3 | 2011-12 2012-13 | 3-8 | ശ്രീ.മുഹമ്മദ് റഹമത്തുള്ള | LF11156/Spl.Cell/CSC/D1/15 Dt. 16.11.2017 | 19730 | തുക അടവാക്കി യിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 85750154 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67239264 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| | |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |
|---|---|

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1982-83 | എൽ.എഫ്.എം.9/1496/03 തി:23.10.2003 | 5 |
| 2 | 1983-84 | എൽ.എഫ്.എം.7/502/15 തി:26.06.2015 | 1 |
| 3 | 1998-99 | എൽ.എഫ്.എം.12/1507/03 തി:04.11.2003 | 27 |
| 4 | 1999-00 | എൽ.എഫ്.എം.12/974/02 തി:04.07.2007 | 18 |
| 5 | 2000-01 | എൽ.എഫ്.എം.7/2311/12(7) തി:29.06.2013 | 8 |
| 6 | 2001-02 | എൽ.എഫ്.എം.7/2311/12(8) തി:29.06.2013 | 10 |
| 7 | 2002-03 | എൽ.എഫ്.എം.7/215/05 തി:06.12.2005 | 22 |
| 8 | 2003-04 | എൽ.എഫ്.എം.14/1206/09 തി:28.10.2009 | 12 |
| 9 | 2004-05 | എൽ.എഫ്.എം.16/1496/10 തി:04.07.2011 | 11 |
| 10 | 2005-06 | എൽ.എഫ്.എം.16/1497/10 തി:11.07.2011 | 12 |
| 11 | 2006-07 | എൽ.എഫ്.എം.7/482/14 തി:02.06.2014 | 9 |
| 12 | 2007-08, 2008-09, 2009-10 | എൽ.എഫ്.എം.7/1644/12 തി:21.07.2012/ 05-09-2012 | 25 |
| 13 | 2010-11 | എൽ.എഫ്.എം.7/782/13 തി:07.01.2014 | 14 |
| 14 | 2011-12, 2012-13 | എൽ.എഫ്.എം.7/329/15 തി:27.03.2015/31.032015 | 33 |
| 15 | 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.7/1403/16 തി. 11-07-2016/29-07-2016 | 18 |
| 16 | 2015-16 | കെ.എസ്.എ.എം.പി.എം.7/31/2017 തി. 06-02-2017 | 25 |
| 17 | 2016-17 | കെ.എസ്.എ.എം.പി.എം.7/1881/2017 തി. 23-10-2017 | 21 |
| 18 | 2017-18 | കെ.എസ്.എ.എം.പി.എം.7/416/2019 തി. 23-03-2019 | 26 |
| 19 | 2018-19 | കെ.എസ്.എ.എം.പി.എം.7/1756/2019 തി 29-07-2019 | 24 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്